# വ്യാവസായിക പരിശീലന വകുപ്പ്
കേരള സർക്കാർ

## സ്റ്റേറ്റ് ഇംപ്ളിമെന്റേഷൻ സെൽ ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം
(സാന്നിദ്ധ്യം:- ശ്രീ. ബി. ജസ്റ്റിൻരാജ്)

വിഷയം :- വ്യാവസായിക പരിശീലന വകുപ്പ് - സ്റ്റേറ്റ് ഇംപ്ളിമെന്റേഷൻ സെൽ - സ്കിൽ ഡവലപ്മെന്റ് ഇനിഷ്യേറ്റീവ് സ്കീം റീ- വാംബിംഗ്- നിലവിലുള്ള / പുതിയ വി.ടി.പി കളുടെ പരിശീലന സൗകര്യം പരിശോധിക്കുന്നതിന് ഉദ്യോഗസ്ഥരെ നിയോഗിക്കുന്നത് സംബന്ധിച്ച്.

സൂചന :- ഡി.ജി.ഇ.ടി ഉത്തരവ് നം. 4/2/2014- എം.ഇ.എസ്/ഐ.എസ് തിയതി 27.06.2014.

**ഉത്തരവ് നമ്പർ എസ്.ഐ.സി /എം.ഇ.എസ് 3149/2014 തിയതി 23-07-2014**

ഡി.ജി.ഇ.ടി രൂപീകരിച്ച ഉന്നതതല വർക്കിംഗ്ഗ്രൂപ്പിന്റെ ശുപാർശ പ്രകാരം, "നൈപുണ്യ വികസന സംരംഭം" പദ്ധതി (എസ്.ഡി.ഐ സ്കീം) കേന്ദ്ര സർക്കാർ പുനഃ സംഘടിപ്പിച്ചിരിക്കയാണ്. ചില മേഖലകളിൽ മുമ്പ് നിശ്ചയിച്ചിരുന്ന മൊഡ്യൂളുകൾ കൂട്ടിച്ചേർത്തും ചില അപ്രധാന കോഴ്സുകൾ ഉപേക്ഷിച്ചും പരിശീലന സമയം, സിലബസ് എന്നിവ വികസിപ്പിച്ചും പുതിയ എം.ഇ.എസ് പരിശീലന പദ്ധതി 01.07.2014 മുതൽ പ്രാബല്യത്തിൽ വന്നിരിക്കുന്നു.

മേല്പറഞ്ഞ പശ്ചാത്തലത്തിൽ, എസ്.ഡി.ഐ സ്കീമിൽ എം.ഇ.എസ് പരിശീലനം നടത്തിവരുന്ന വോക്കേഷണൽ ട്രെയ്നിംഗ് പ്രൊവൈഡർ (വി.ടി.പി) കളിലും പുതുതായി അംഗീകാരം നേടുന്ന വിടിപി കളിലും അനിവാര്യമായ കൂടുതൽ പരിശീലന സൗകര്യങ്ങൾ സജ്ജീകരിക്കണം. ഇത് സംബന്ധിച്ച ഡിജിഇടി യുടെ പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ എല്ലാ വിടിപി കളിലും ലഭ്യമാക്കിയിട്ടുണ്ട്.

ഡി.ജി.ഇ.ടി യുടെ നിർദ്ദേശങ്ങൾക്ക് വിധേയമായി പരിശീലന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് കൃത്യതയാർന്ന പരിശോധന ആവശ്യമാണ്. നിർദ്ദിഷ്ഠ സമയത്തിനുള്ളിൽ പൂർത്തിയാക്കുന്ന ഈ പരിശോധ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും പുതിയ കോഴ്സുകളിൽ പരിശീലനത്തിന് അംഗീകാരം നല്കുന്നത്. തികഞ്ഞ ഉത്തവാദിത്തത്തോടും സുതാര്യതയോടും നിയോഗിച്ചിട്ടുള്ള വിടിപി കളിൽ മേല്പറഞ്ഞ പരിശോധന നിർവഹിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് വ്യാവസായിക പരിശീലന വകുപ്പിലെ അനുബന്ധ ലിസ്റ്റിലുള്ള ഉദ്യോഗസ്ഥരെ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ടി ഉദ്യോഗസ്ഥർ പരിശോധനാറിപ്പോർട്ടും അനുബന്ധരേഖകൾ ഉൾപ്പെടുത്തി തയ്യാറാക്കിയ അപേക്ഷയും 04-08-2014 നു മുൻപ് സ്റ്റേറ്റ് ഇംപ്ളിമെന്റേഷൻ സെല്ലിൽ സമർപ്പിക്കേണ്ടതാണ്.

23/7/14
**ജോയിന്റ് ഡയറക്ടർ**

സ്വീകർത്താക്കൾ,
ഇൻസ്പെക്ടർ ഓഫ് ട്രെയ്നിംഗ്,
പ്രിൻസിപ്പൾ, വൈസ് പ്രിൻസിപ്പാൾ, ട്രെയ്നിംഗ് ആഫീസർ

---

1. ലിസ്റ്റ് അനുബന്ധം - 1
2. പ്രധാന മാർഗ്ഗനിർദ്ദേശം അനുബന്ധം - 2
3. ശുപാർശയ്ക്കുള്ള മാതൃക ഫാറം അനുബന്ധം- 3
4. 15-07-2014 മുതൽ പ്രാബല്യമുള്ള കോഴ്സ് ലിസ്റ്റ്

അനുബന്ധം - രണ്ട്

## വിടിപി പരിശോധന- ഡിജിഇടി യുടെ മാർഗ്ഗനിർദ്ദേശങ്ങൾ

1. സ്കിൽ ഡവലപ്മെന്റ് ഇനിഷ്യേറ്റീവ് സ്കീമിൽ എം.ഇ.എസ് കോഴ്സ് പരിശീലനത്തിന് അംഗീകാരം നേടുന്ന വി.ടി.പി കളിൽ ആവശ്യമായ സ്ഥലം, പരിശീലനോപകരണങ്ങൾ, വൈദ്യുതി, പരിശീലകർ (ഇൻസ്ട്രക്ഷണൽ സ്റ്റാഫ്) എന്നിവ പരിഷ്ക്കരിച്ച സെക്ടർ/ മൊഡ്യൂൾ പ്രകാരം ലഭ്യമാണെന്ന് ഉറപ്പു വരുത്തണം.

2. 15-07-2014 ൽ പ്രാബല്യത്തിൽ വന്ന പരിഷ്ക്കരിച്ച എം.ഇ.എസ് കോഴ്സുകളിൽ മാത്രം പരിശീലനം നല്കാൻ ഓരോ വിടിപിയുടെയും സാധ്യത കണ്ടെത്തുകയാണ് പരിശോധനയുടെ ലക്ഷ്യം. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും പരിശീലനത്തിന് അനുവാദം നല്കുക.

3. പരിശീലനകാലം 300 മണിക്കൂറിലധികമുള്ള എല്ലാ മൊഡ്യൂളുകൾക്കു മൊപ്പം Soft Skill & Entrepreneurship മൊഡ്യൂൾ കൂടി നിർബന്ധ മായും പരിശീലിപ്പിക്കണം ആയതിനാൽ, എല്ലാ വിടിപികളിലും കമ്പ്യൂട്ടർ ലാബ്, ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് കണക്ഷൻ ഉണ്ടെന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

4. വിടിപി കളിൽ വൈദ്യുതി ഉപഭോഗം തെളിയിക്കുന്ന വൈദ്യുതി ബില്ലും, പരിശീലന കേന്ദ്രം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ഉടമസ്ഥതയോ, വാടക കരാറോ തെളിയിക്കുന്ന രേഖയും പരിശോധിച്ച് നിജസ്ഥിതി ഉറപ്പു വരുത്തേണ്ടതും പകർപ്പുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

5. നിലവിലുള്ള വിടിപികളിൽ മുൻപരിശീലനത്തിന്റെ രജിസ്റ്ററുകൾ / ഹാജർപുസ്തകം (ഇൻസ്ട്രക്ഷണൽ സ്റ്റാഫ്, ട്രെയ്നീസ്) എന്നിവ പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

6. പരിശോധന റിപ്പോർട്ടിന്റെ എല്ലാ പേജുകളും പരിശോധകൻ സാക്ഷ്യ പ്പെടുത്തേണ്ടതാണ്.

7. വിടിപി യുടെ അംഗീകാരത്തിനു അപേക്ഷിയ്ക്കുവാൻ അർഹത തെളിയിക്കുന്ന നിയമാനുസൃത രേഖ പരിശോധിച്ചു ഉറപ്പ് വരുത്തേണ്ടതും പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.

8. പരിശോധന റിപ്പോർട്ട് ഇതോടൊപ്പമുള്ള നിശ്ചിത പ്രൊഫോർമയിൽ മാത്രമേ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

(signature) 23/7/14

ജോയിന്റ് ഡയറക്ടർ